പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2581 **28-10-2026-ൽ മറുപടിയ്ക്ക്**

പട്ടികജാതി കുടുംബങ്ങൾക്കുള്ള ഭവനപദ്ധതിയും ചികിത്സാധനസഹായവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി കുടുംബങ്ങൾക്കുള്ള ഭവനപദ്ധതിയുടെ നിലവിലുള്ള ധനസഹായം പത്തു ലക്ഷം രൂപയായി വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: പട്ടികജാതി കുടുംബങ്ങൾക്കുള്ള ഭവനദ്ധതിയുടെ ധനസഹായം വർധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. തുക സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

(ബി) പട്ടികജാതി പട്ടികവർഗക്കാരുടെ ചികിത്സ ധനസഹായം സംബന്ധിച്ച അപേക്ഷകൾ സമയബന്ധിതമായി തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

മറുപടി: പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ധനസഹായം സംബന്ധിച്ച അപേക്ഷകൾ സമയബന്ധിതമായി തീർക്കുന്നതിന് പ്രസ്തുത പദ്ധതി നിലവിൽ ഓൺലൈൻ സംവിധാനം മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ടി - ഗ്രാന്റ്സ് പോർട്ടൽ മുഖേന ബ്ലോക്ക/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസറുടെ ഇൻബോക്സിൽ ലഭ്യമാക്കുന്ന അപേക്ഷകളുടെ അർഹത ഉറപ്പുവരുത്തി ശിപാർശ സഹിതം 5 ദിവസത്തിനുള്ളിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് അയയ്ക്കും. ഗുരുതര രോഗം ബാധിച്ചവരും എം.പി/എം.എൽ.എ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, കോർപ്പറേഷൻ മേയർ/നഗരസഭാ അദ്ധ്യക്ഷൻ എന്നിവരുടെ ശിപാർശയോടെ വരുന്ന അടിയന്തിര പ്രാധാന്യമുള്ള അപേക്ഷകൾ പട്ടികജാതി വികസന ഓഫീസർ നേരിട്ട് വകുപ്പ് മന്ത്രിയുടെ ഓഫീസിലേയ്ക്ക് അയക്കുന്നതാണ്. ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഇൻബോക്സിൽ ലഭ്യമാകുന്ന അപേക്ഷകൾ സൂപ്രണ്ട്-ജില്ലാ പട്ടികജാതി വികസന ഓഫീസർ തലത്തിൽ പരിശോധിച്ച ശേഷം 5000/-രൂപ വരെ അനുവദിക്കേണ്ട അപേക്ഷകൾ ജില്ലാ പട്ടികജാതി വികസന ഓഫീസർ 3 ദിവസത്തിനുള്ളിൽ അനുവദിക്കുകയും, കൂടുതൽ ധനസഹായത്തിന് അർഹതയുള്ള അപേക്ഷകൾ ബന്ധപ്പെട്ട നോർത്ത് സോൺ /സൗത്ത് സോൺ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഫോർവേർഡ് ചെയ്യുകയും, ഡെപ്യൂട്ടി ഡയറക്ടറുടെ ഇൻബോക്സിൽ ലഭ്യമാകുന്ന അപേക്ഷകളിൽ 10,000/-രൂപ വരെ അനുവദിക്കേണ്ട അപേക്ഷകളിന്മേൽ 3 ദിവസത്തിനകം തുക അനുവദിക്കുകയും പതിനായിരത്തിൽ കൂടുതൽ തുക അനുവദിക്കേണ്ട അപേക്ഷകൾ ഡെപ്യൂട്ടി ഡയറക്ടർ ബഹു. വകുപ്പ് മന്ത്രിയ്ക്ക് ഫോർവേർഡ് ചെയ്യുകയും ചെയ്യുന്നു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുക അനുവദിച്ച അപേക്ഷകർക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന ധനസഹായം വിതരണം ചെയ്യുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ചികിത്സ ധനസഹായം സംബന്ധിച്ച അപേക്ഷകൾ സമയബന്ധിതമായി തീർക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) ഏത് വർഷം വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട് വിശദാംശം ലഭ്യമാക്കാമോ?

മറുപടി: പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 2026 ജനുവരി വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ